# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ - ശ്രീ. വി.ആർ.ജോഷി)

വിഷയം : പിന്നാക്ക സമുദായ വികസനം -ജീവനക്കാര്യം- ശ്രീ. പി.വി. ശ്രീജിത്ത് ക്ലാർക്ക് നെ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ.ഉ.(സാധാ). നം. 56/2014/പിസവിവ തീ 13.06.14
2) തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 21.06.14 ലെ ജി2-3626/13(1) നമ്പർ നടപടി ഉത്തരവ്
3) ശ്രീ. ശ്രീജിത്ത് പി.വി യുടെ 23.06.2014 ലെ സമർപ്പണം

---

ഉത്തരവ് നം. BCDD/A1/ 395 /12          തീയതി : 23/06/2014

---

പട്ടികജാതി വികസന വകുപ്പ് ജീവനക്കാരനായ ശ്രീ. ശ്രീജിത്ത് പി.വി ക്ലാർക്കിനെ പിന്നാക്ക സമുദായ വികസന വകുപ്പിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ശ്രീജിത്ത് പി.വി സേവനമനുഷ്ഠിച്ചിരുന്ന തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും ടിയാനെ പരാമർശം 2 പ്രകാരം വിടുതൽ ചെയ്തിട്ടുണ്ട്. ശ്രീ. ശ്രീജിത്ത് പി.വി ജോലി യിൽ പ്രവേശിക്കുന്നതിനായി പരാമർശം 3 പ്രകാരം 23.06.2014 പൂർവ്വാഹ്നത്തിൽ വകുപ്പ് ഡയറക്ടറേറ്റിൽ ഹാജരായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. ശ്രീജിത്ത് പി.വി ക്ലാർക്കിനെ 23.06.2014 പൂർവ്വാഹ്നം പ്രാബല്യത്തിൽ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ടും, എ3 സീറ്റിന്റെ പൂർണ ചുമതല നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. നിലവിൽ എ3 സീറ്റിന്റെ പൂർണ അധിക ചുമതല വഹിക്കുന്ന ശ്രീമതി ഷബിന എസ്, സീനിയർ ക്ലാർക്ക് ടി ചുമതല ശ്രീ ശ്രീജിത്ത് പി.വി ക്ലാർക്കിന് കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ജീവനക്കാർ നിയമാനുസരണം ചുമതല കൈമാറി/ഏറ്റെടുത്ത് ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് സെക്ഷൻ സൂപ്രണ്ടിന് കൈമാറേണ്ടതാണ്.

ഡയറക്ടർ

ശ്രീ. പി.വി ശ്രീജിത്ത്, ക്ലാർക്ക്
ശ്രീമതി. ഷബിന എസ്, സീനിയർ ക്ലാർക്ക്

പകർപ്പ് :
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് - (ഉപരിപത്രം സഹിതം)
ജില്ലാ പട്ടികജാതി വികസന ആഫീസർ, തൃശ്ശൂർ
ഡയറക്ടറുടെ മേശ മേൽ
സീനിയർ ഫിനാൻസ് ആഫീസറുടെ മേശമേൽ
സീനിയർ സൂപ്രണ്ട്
കരുതൽ / അധികം

പി.വി.എസ് 23.06.14